# വ്യവസായ നാദം

OFFICIAL NEWS BULLETIN OF KSSIA, KOTTAYAM UNIT

VOL. 6 • ISSUE 1

**JANUARY 2012**



*Chief Editor*

**Dr. T.C. Joseph**

(President, KSSIA, Kottayam)

*Editorial Board Members*

**Abraham Kuriakose**
**K. Dilip Kumar**
**James Immanuel**
**Benoy Kurian**
**Xavier Thomas Kondody**
**Dr. George P. Thomas**



THE KERALA STATE SMALL INDUSTRIES ASSOCIATION (KSSIA)
KOTTAYAM DISTRICT UNIT
No. XIV/105/A
Kottayam Municipal Industrial Estate
Kodimatha, Kottayam-686 013
Phone: 2309731, 9446083561
Phone & Fax: 2567570
www.kssiakottayam.com
E-mail:
ktmsmallind@bsnl.in
kssiaindustries@yahoo.co.in



Designing, Typesetting & Printing
**3King, Ktm-1**
# 256 9180, 944 777 9180



## KSSIA SOCIAL SECURITY FUND TRUST

### അംഗത്വമെടുക്കാനുള്ള മാനദണ്ഡങ്ങൾ

1. കെ.എസ്.എസ്.ഐ. യിലെ മെമ്പർമാർ 10500/- രൂപ അടച്ച് ഇതിൽ അംഗത്വമെടുക്കാവുന്നതാണ്. (അപേക്ഷാഫോറം കെ.എസ്.എസ്.ഐ.എ. ഓഫീസിൽ ലഭ്യമാണ്. വെബ്സൈറ്റിൽനിന്നും ഇത് ഡൗൺലോഡ് ചെയ്യാം)
2. അംഗത്വമെടുക്കാനുള്ള പ്രായപരിധി 55 വയസ്സായി നിജപ്പെടുത്തിയിരിക്കുന്നു.
3. ഒരംഗത്തിന് ജീവഹാനി സംഭവിക്കുകയാണെങ്കിൽ സർക്കാർ ഫണ്ട് ലഭ്യമല്ലാതെ വന്നാൽ, ഓരോ മെമ്പറും 1000 രൂപ വീതം ഫണ്ടിൽ അടക്കണം. ഇപ്പോൾ സർക്കാരിൽ നിന്ന് 1 കോടി രൂപ ലഭിച്ചിട്ടുണ്ട്.
4. പൂരിപ്പിച്ച അപേക്ഷാഫോം, ഫോട്ടോ, വയസ് തെളിയിക്കുന്ന രേഖ, വൈദ്യുതിബിൽ, MSME Registration Certificate, പാർട്ണർഷിപ്പ് സ്ഥാപനമെങ്കിൽ പാർട്ണർഷിപ്പ് ഡീഡ് എന്നിവയുടെയെല്ലാം 2 കോപ്പിയും 10,500/- രൂപയുടെ ചെക്ക്/ഡിഡി/ക്യാഷ് സഹിതം കോട്ടയം ജില്ലാ ആഫീസിൽ സ്വീകരിക്കുന്നതാണ്.

**ഫോൺ: 0481 - 2567570**




# ഇനി വ്യവസായികൾ എന്തുചെയ്യും

എഡിറ്റോറിയൽ

**കേ**രളത്തിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് വലിയ സാധ്യതകളാണുള്ളതെന്ന് മാറിവരുന്ന ഗവൺമെന്റുകൾ കൊട്ടിഘോഷിക്കുകയും പുതിയ സംരംഭങ്ങൾ വരുവാൻ വേണ്ട സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യുന്നു. പക്ഷെ നിലവിലുള്ള സംരംഭകരുടെ ആവലാതികൾ ആരും മനസിലാക്കുന്നില്ല എന്നതാണ് സത്യം. നിലവിലുള്ള സംരംഭകരെ ഉന്മൂലനം ചെയ്തിട്ടു വേണോ പുതിയ സംരംഭകരെ കണ്ടെത്തേണ്ടത് എന്ന് നാം ചിന്തിച്ചുപോകും. ഇപ്പോൾ പുറപ്പെടുവിച്ചിരിക്കുന്ന ഉത്തരവുകൾ നിലവിലുള്ള സംരംഭകരെ ഇല്ലായ്മ ചെയ്യുന്നവയാണ്. ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ ഫാക്ടറിലാന്റ് കൈമാറ്റം നടത്തുന്നതു സംബന്ധിച്ച ഉത്തരവ് അങ്ങേയറ്റം വേദനാജനകമാണ്. വർഷങ്ങൾകൊണ്ട് അധ്വാനിച്ചുണ്ടാക്കിയ ഫാക്ടറി, സാമ്പത്തിക കാരണങ്ങൾകൊണ്ടോ, ആരോഗ്യപരമായ കാരണങ്ങൾകൊണ്ടോ കൈമാറ്റം ചെയ്യുവാൻ സാധിക്കുന്നില്ലെങ്കിൽ വ്യവസായിക്കെന്താണ് സുരക്ഷ. സ്വന്തം കടബാധ്യതകൾ തീർത്ത് സുഖകരമായ ഒരു എക്സിറ്റ് വ്യവസായിക്ക് വേണ്ടേ?

ജില്ലകളിലെ വ്യവസായ വികസന ഏരിയകളുടേയും പ്ലോട്ടുകളുടേയും സ്ഥലവില ഓരോ വർഷവും ഏപ്രിൽ ഒന്നാം തീയതി വച്ചു പുതുക്കി നിശ്ചയിക്കുവാനും അതനുസരിച്ചു ഭൂമിവില ഈടാക്കുവാനും ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർമാരെ അധികാരപ്പെടുത്തി സർക്കാർ ഉത്തരവായി. ഇതൊക്കെ ന്യായമായ കാര്യങ്ങളാണോ? നമ്മുടെ സംഘടന ഇതിന്റെ ഭവിഷ്യത്തുകളും ബുദ്ധിമുട്ടുകളും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും പരാതികൾ നൽകുകയും ചെയ്തിട്ടുണ്ട്. കാര്യങ്ങൾ മനസിലാക്കി വേണ്ട നടപടികൾ ഉടൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും എടുത്തില്ലെങ്കിൽ ശക്തമായ സമര പരിപാടികളുമായി നാം മുമ്പോട്ടുപോകുവാൻ നിർബന്ധിതരാവും. അതിനുവേണ്ടി ഏവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

**ഡോ. റ്റി.സി. ജോസഫ്**
പ്രസിഡന്റ്, കെ.എസ്.എസ്.ഐ.എ., കോട്ടയം


**സോഷ്യൽ സെക്യൂരിറ്റി പദ്ധതിയിൽ അംഗമാകൂ, സുരക്ഷിതത്വം ഉറപ്പാക്കൂ...**

# പുതുവർഷം ആശങ്കയുടേത് ?



സെക്രട്ടറിയുടെ കത്ത്

പുതുവർഷം ആശങ്കയുടെതെന്നു തോന്നുന്നവിധമാണ് കാര്യങ്ങൾ നീങ്ങുന്നത്. വ്യവസായ എസ്റ്റേറ്റുകളിലും, വ്യവസായ വികസന പ്ലോട്ടുകളിലും ഉള്ള സ്ഥലം കൈമാറ്റം ചെയ്യുന്നതു സംബന്ധിച്ച് പുതിയ ഉത്തരവ് ടി. മേഖലയിലെ എല്ലാ യൂണിറ്റുകൾക്കും ആശങ്കയുടെ ദിനങ്ങൾ സമ്മാനിക്കുന്നതാണ്. വ്യവസായി തന്റെ പ്രയത്നങ്ങൾ മുഴുവൻ തന്റെ യൂണിറ്റിനും മറ്റുമായി ചിലവഴിച്ച് അതിന്റെ സംവിധാനങ്ങൾ കൈമാറ്റം ചെയ്യേണ്ട അവസരത്തിൽ അതിന് സാധിക്കാതെവരുന്നത് എത്രമാത്രം പ്രയാസം ഉളവാക്കുമെന്നതിന് സംശയമില്ല. അതുപോലെ KSEB മിനിമം ഗാരണ്ടി സംവിധാനം നിർത്തലാക്കിയതും പുതിയതും നിലവിലുള്ളതുമായ സംരംഭങ്ങളുടെ നടത്തിപ്പിന് തടസ്സമാകുന്നു. ആഗോള സാമ്പത്തിക മേഖലയിലെ പ്രയാസങ്ങൾ കേരളത്തിലെ ചെറുകിട വ്യവസായ മേഖലയേയും ദോഷകരമായി ബാധിക്കുന്നു. എന്തായാലും പുതുവൽസര സമ്മാനങ്ങളായി ഇത്തരം പ്രയാസങ്ങൾ വർഷാരംഭത്തിൽ വ്യവസായികളെ തളർത്തുന്നു. മുഖ്യമന്ത്രി അടക്കം മറ്റ് മന്ത്രിമാർക്കും, അധികൃതർക്കും ഇതു സംബന്ധിച്ച് നിരന്തരം അസോസിയേഷൻ നിവേദനങ്ങൾ നൽകിക്കഴിഞ്ഞു. അനുകൂലമായ നടപടികൾ പ്രതീക്ഷിക്കുന്നു. ഇക്കാര്യങ്ങൾക്ക് അംഗങ്ങളുടെ പൂർണ്ണ സഹകരണം ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു. മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടി വിവിധ ഗവ. കമ്മിറ്റികൾ, ബാങ്ക് യോഗങ്ങൾ തുടങ്ങി അസോസിയേഷൻ പ്രതിനിധീകരിക്കുന്ന യോഗങ്ങളിൽ ബന്ധപ്പെട്ടവരെ ഇത്തരം ബുദ്ധിമുട്ടുകൾ രേഖാമൂലം അറിയിച്ചിട്ടുണ്ട്. അനുകൂലമായ തീരുമാനങ്ങൾ ഉണ്ടാകാത്തപക്ഷം ശക്തമായ പ്രതിഷേധം അറിയിക്കുന്നതിന് ധർണ ഉൾപ്പെടെയുള്ള കാര്യങ്ങൾ അസോസിയേഷൻ ആസൂത്രണം ചെയ്തുവരുന്നു. ഈ പ്രതിഷേധയോഗങ്ങളിൽ എല്ലാവരുടെയും സാന്നിദ്ധ്യ സഹകരണം അഭ്യർത്ഥിക്കുന്നു.

**കെ. ദിലീപ്കുമാർ** (സെക്രട്ടറി)

# ചെറുകിട വ്യവസായ വായ്പകളുടെ പലിശനിരക്ക് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ കുറച്ചു

അസോസിയേഷന്റെ നിരന്തരമായ പ്രതിഷേധവും അപേക്ഷകളും മാനിച്ച് സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങളുടെ ലീഡ് ബാങ്കായ എസ്.ബി.റ്റി, MSME യൂണിറ്റുകളുടെ വർക്കിംഗ് ക്യാപിറ്റൽ വായ്പയിൽമേലുള്ള പലിശനിരക്ക് ഏതാണ്ട് .75% കുറച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്.

വിവിധ യൂണിറ്റുകൾക്ക് വിവിധ നിരക്കിലായിരിക്കും കുറവ് ലഭിക്കുക. SBTയിൽ നിന്നും വായ്പയെടുത്ത യൂണിറ്റുകൾ അവരവരുടെ SBT ബ്രാഞ്ചുകളിൽ ഇതിനായി ബന്ധപ്പെടണം.

ഈ ആനുകൂല്യം ലഭിച്ചതിൽ SBTചെയർമാൻ, മാനേജിംഗ് ഡയറക്ടർ എന്നിവർക്ക് അസോസിയേഷൻ കൃതജ്ഞത അറിയിച്ചു.

## വ്യവസായ വികസന പ്ലോട്ടുകളിലെ സ്ഥലം കൈമാറ്റം സംബന്ധിച്ച് വ്യവസായവകുപ്പിൽനിന്നും അഡീഷനൽ ചീഫ് സെക്രട്ടറി 30-10-2011 ഇറക്കിയ ഓർഡർ

വ്യവസായ ആവശ്യങ്ങൾക്ക് നല്കിയ ഭൂമി സർക്കാരിന്റെ അനുമതി ഇല്ലാതെ കൈമാറുവാനോ പണയപ്പെടുത്തുവാനോ വ്യവസ്ഥയില്ല. ഒരു വ്യവസായത്തിന് അനുവദിച്ച ഭൂമി അതേ ആവശ്യത്തിന് ആവശ്യമില്ലാത്തപക്ഷം പ്രസ്തുത വിഷയം സർക്കാരിൽ അറിയിക്കേണ്ടതും വ്യവസായിക്ക് അറിയിപ്പ് നല്കി സർക്കാർ ഭൂമി തിരിച്ചെടുക്കേണ്ടതും സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ കൈമാറ്റം ചെയ്യുവാൻ പാടില്ലാത്തതുമാണ്. മേൽസാഹചര്യത്തിൽ പട്ടയം റദ്ദ് ചെയ്ത് M/s. മാരുതി ഫോമിന് നല്കിയ ഭൂമി ലാന്റ് ബാങ്കിലേയ്ക്ക് മുതൽകൂട്ടാൻ എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കിയിട്ടുള്ള വിവരം അറിയിക്കുന്നു.

# മിനിമം ഗ്യാരണ്ടി സമ്പ്രദായം നിർത്തുന്നു

കഴിഞ്ഞ നാൽപ്പതോളം വർഷങ്ങളായി കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് സഹായകമായിരുന്ന ഈ സമ്പ്രദായം പെട്ടെന്ന് നിർത്തലാക്കുവാനുള്ള പദ്ധതി കേരള സംസ്ഥാന വൈദ്യുതി ബോർഡ് നടപ്പിലാക്കുന്നു. മുഴുവൻ ഇൻസ്റ്റലേഷൻ ജോലികളും കഴിഞ്ഞ് മിനിമം ഗ്യാരണ്ടി എഗ്രിമെന്റ് വെച്ച വ്യവസായികൾക്കു പോലും വൈദ്യുതി കണക്ഷൻ നിഷേധിക്കുന്നു. ഈ ശ്രമത്തിന് ബോർഡിലെ ഫീൽഡ് എൻഞ്ചിനീയഴ്സാണ് ഇപ്പോൾ തീരുമാനമെടുക്കുന്നത്. ഇലക്ട്രിസിറ്റി സപ്ലൈ കോഡനുസരിച്ച് ബോർഡിന് റെഗുലേറ്ററി കമ്മീഷന്റെ പ്രത്യേക അനുവാദം പോലും വേണ്ടന്നാണ് ബോർഡുദ്യോഗസ്ഥന്മാരുടെ വാദം. ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ KSSIA എറണാകുളം ജില്ലാ പ്രസിഡന്റിന്റെ പരാതിയിന്മേലുള്ള ഹീയറിംഗിൽ സംസ്ഥാനത്തുടനീളമുള്ള പരാതിക്കാർ പങ്കെടുത്തു. കോട്ടയത്തു നിന്ന് ജില്ലാ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറാർ, സേവ്യർ തോമസ് കൊണ്ടോടി, കുര്യൻ പി. തോമസ് എന്നിവർ ഈ സംവാദത്തിൽ പങ്കെടുത്തു. റെഗുലേറ്ററി കമ്മീഷനിൽ നിന്നും അനുകൂല തീരുമാനമുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു.

# വ്യവസായ ആവശ്യത്തിനുള്ള അളവുതൂക്ക ഉപകരണങ്ങൾ മുദ്രചെയ്യുന്നത് ഒഴിവാക്കി



പാർലമെന്റ് പുതിയതായി പാസ്സാക്കിയ ലീഗൽ മെട്രോളജി ആക്ട് 2009 പ്രകാരം വ്യവസായ ശാലകൾക്കുള്ളിൽ വ്യവസായ ആവശ്യത്തിന് മാത്രം ഉപയോഗിക്കുന്ന അളവുതൂക്ക ഉപകരണങ്ങളെ മുദ്രപതിപ്പിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. അതിന്റെ വിശദമായ വിവരങ്ങൾ അസോസിയേഷനിൽ നിന്നും ലഭിക്കുന്നതാണ്. എന്നാൽ വ്യവസായ സ്ഥാപനങ്ങളിൽ മാർക്കറ്റിംഗിൽ ഉപയോഗിക്കുന്ന അളവുതൂക്ക ഉപകരണങ്ങൾക്ക് ഈ ആനുകൂല്യം ലഭ്യമല്ല.

# കോട്ടയം ജില്ലയിൽ പൂവൻതുരത്ത് വ്യവസായ എസ്റ്റേറ്റിൽ ഫയർ ഫോഴ്സിന്റെ വാഹന യൂണിറ്റ് അനുവദിക്കണം

**കോ**ട്ടയം ജില്ലയിലുള്ള പൂവൻതുരുത്ത് വ്യവസായ എസ്റ്റേറ്റിൽ കഴിഞ്ഞ ഒരു വർഷക്കാലമായി തുടർച്ചയായി വൻ തീപിടുത്തങ്ങൾ ഉണ്ടാകുന്നു. ഏതാണ്ട് 10 വ്യവസായ യൂണിറ്റുകൾ ഈ കുറഞ്ഞ കാലയാളവിൽ തീപിടുത്തം മൂലം പൂർണമായും കത്തി നശിക്കുകയും ടി. യൂണിറ്റുകളുടെ ഉടമകൾക്ക് കോടിക്കണക്കിനു രൂപയുടെ നാശനഷ്ടം നേരിടുകയും അവർ വമ്പിച്ച സാമ്പത്തിക പ്രതിസന്ധിയിലുമാണ്. മറ്റ് വ്യവസായ യൂണിറ്റുടമകൾ ഭയപ്പാടിലുമാണ്. ഫയർ ഇൻഷുറൻസ് പലപ്പോഴും നഷ്ടങ്ങൾ നികുത്തുവാൻ ഫലപ്രദമാകുന്നുമില്ല.

തീപിടുത്തമുണ്ടായാൽ ഫയർ ഫോഴ്സിൽ അറിയിച്ച് അവർ മണിപ്പുഴ റെയിൽവേ ലെവൽ ക്രോസിൽ കൂടി സംഭവസ്ഥലത്തുവരുമ്പോൾ, റെയിൽവേ ക്രോസ് അടച്ചിരിക്കുകയാണെങ്കിൽ വീണ്ടും സ്പോട്ടിലെത്താൻ താമസിക്കുന്നതുമൂലം വളരെ സമയം കഴിഞ്ഞിരിക്കും. തീപിടുത്തമുണ്ടായ യൂണിറ്റ് കത്തി നശിച്ചിരിക്കും.

പൂവൻതുരത്ത് വ്യവസായ എസ്റ്റേറ്റ് സ്ഥിതിചെയ്യുന്ന 10 ഏക്കർ സ്ഥലത്ത് 185 യൂണിറ്റുകളോളം തിങ്ങി പ്രവർത്തിക്കുന്നു.

ഈ കാരണങ്ങൾ കണക്കിലെടുത്ത് പൂവൻതുരുത്ത് വ്യവസായ എസ്റ്റേറ്റിൽ സ്ഥിരമായി ഫയർ ഫോഴ്സിന്റെ ഒരു വാഹന യൂണിറ്റ് അടിയന്തിരമായി അനുവദിച്ചുതരണമെന്നും ഇതിനാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട അധികാരികൾക്ക് അടിയന്തിരമായി നൽകണമെന്നും ആവശ്യപ്പെട്ട് അസോസിയേഷൻ മുഖ്യമന്ത്രിക്ക് നിവേദനം നൽകി.

## മെമ്പർമാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

# നിങ്ങൾക്ക് വാറ്റ് ടാക്സ് ഡിപ്പാർട്ട്മെന്റിൽനിന്നും റീഫണ്ട് കിട്ടുവാനുണ്ടോ?

**ക**ഴിഞ്ഞ രണ്ടുവർഷങ്ങൾക്കുള്ളിൽ സെക്യൂരിറ്റി ഡിപ്പോസിറ്റായി ഡിപ്പാർട്ട്മെന്റിലേയ്ക്കടച്ച നിങ്ങൾക്ക് പൂർണ്ണമായും ക്ലെയിം ഉള്ള റീഫണ്ട് ഈ മാർച്ചിനു മുമ്പു ലഭ്യമാക്കണമെന്ന് അസോസിയേഷൻ പ്രതിനിധികൾ ആവശ്യപ്പെടുകയും, വാറ്റ് ഗ്രീവൻസ് സെൽ കൺവീനർ ഡപ്യൂട്ടി കമ്മീഷണർ ലിസ്റ്റു നൽകിയാൽ മാർച്ചിനുമുമ്പേതന്നെ റീഫണ്ടു തരാമെന്ന് സെൽ മീറ്റിംഗിൽ അറിയിച്ചിട്ടുണ്ട്. താങ്കൾ ഉടനെതന്നെ KSSIA കോട്ടയം ഓഫീസിലേയ്ക്ക് മുഴുവൻ വവരങ്ങളും ഉടനെ അറിയിക്കുക. സംശയങ്ങൾക്ക് ഫോണിൽ ബന്ധപ്പെടുക.

**KSSIA ഓഫീസ്: 0481-2567570**

**or**

**സേവ്യർ കൊണ്ടോടി: 9847046229**

# സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് വീണ്ടും പ്രശ്നങ്ങൾ

സർക്കാരിന്റെ പോളിസി മാറ്റം, തക്കതായ കാരണങ്ങളില്ലാത്ത പുതിയ നിയമങ്ങൾ എന്നിവ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വ്യവസായങ്ങളെ പൊടുന്നനവേ തളർത്തുന്നു. പുതിയതായി പ്ലാൻ ചെയ്ത യൂണിറ്റുകൾക്ക് പെട്ടെന്നു മുന്നോട്ടു പോകുവാൻ സാധ്യമല്ലാതാക്കുന്നു.

സർക്കാരുദ്യോഗസ്ഥന്മാരുടെ അപ്രമാദിത്തം വീണ്ടും തെളിയിക്കപ്പെട്ടുകൊണ്ട് ചെറുകിട വ്യവസായികൾക്കെതിരെ ഓർഡറുകൾ ഇറക്കുന്നു. ചെറുകിട വ്യവസായ എസ്റ്റേറ്റുകളിലെയും, വ്യവസായ വികസന പ്ലോട്ടുകളിലെയും 10 സെന്റും 15 സെന്റുമുള്ള സ്ഥലങ്ങളും കൈമാറ്റം ചെയ്യുവാൻ അനുവദിക്കാതെ സർക്കാർ തിരിച്ചെടുക്കുവാൻ തയ്യാറായി ഓർഡറുകൾ ഇറക്കിക്കഴിഞ്ഞു.

ഒരു ചെറുകിട യൂണിറ്റ് മുന്നോട്ടു നടത്തികൊണ്ടുപോകുവാൻ സാധിക്കാതെവരുന്ന നിരവധി കാരണങ്ങൾ ഈ മേഖലയിലുണ്ടായിക്കൊണ്ടിരിക്കുന്നു. ഉൽപ്പന്നം വിൽക്കുവാൻ പ്രയാസമായി വരിക, വിൽപ്പനയിൽ തുടർച്ചയായി നഷ്ടം സംഭവിക്കുക, സംരംഭകന് ആരോഗ്യസ്ഥിതി മോശമാകുക, പെട്ടെന്നുള്ള മരണം സംഭവിക്കുക, സർക്കാർ നികുതി നിയമങ്ങൾ മാറ്റുക, രാജ്യത്ത് മൊത്തമായി സാമ്പത്തിക മാന്ദ്യം സംഭവിക്കുക, അസംസ്കൃത വസ്തുക്കൾ ലഭ്യമല്ലാതെ വരിക, സാമ്പത്തിക സഹായം നൽകിക്കൊണ്ടിരിക്കുന്ന ബാങ്കുകൾ പിന്നോട്ടുവലിയുക, പരിസ്ഥിതി വാദികളും, രാഷ്ട്രീയക്കാരും വ്യവസായത്തിനെതിരെ സ്വരമുയർത്തുക, തൊഴിലാളികൾ ലഭ്യമല്ലാതെവരികയോ, സമരം ചെയ്യുകയോ ചെയ്യുക, തീ, വെള്ളപ്പൊക്കം തുടങ്ങിയ അനിഷ്ടമായ അപകടങ്ങൾ ഉണ്ടാകുക എന്നു തുടങ്ങി എത്ര എത്ര പ്രതികൂല സാഹചര്യങ്ങൾ മൂലം ഒരു ചെറുകിട വ്യവസായം തുടർന്നു നടത്തുവാൻ സാധിക്കാതെ വരുമ്പോൾ വ്യവസായിക്കോ, ആശ്രീതരായ കുടുംബാംഗങ്ങൾക്കോയുള്ള ഏക പോംവഴി ആ വ്യവസായ യൂണിറ്റ് സ്ഥലവും, കെട്ടിടവും, മെഷിനറികളും ഉൾപ്പെടെ മറ്റൊരാൾക്ക് കൈമാറ്റം ചെയ്ത് കിട്ടുന്ന തുകകൊണ്ട് കടം വീട്ടുക എന്നുള്ളതുമാത്രമാണ്. ഇങ്ങനെയുണ്ടാകുമ്പോൾ സർക്കാരിലേയ്ക്കപേക്ഷിക്കുകയും, കൈമാറ്റത്തിനനുവദിക്കുകയുമായിരുന്നു പതിവ്. പുതിയ ഓർഡറിന്റെ പശ്ചാത്തലത്തിൽ ജനറൽ മാനേജർ കൈമാറ്റ അപേക്ഷകൾ സ്വീകരിക്കാതെയായിരിക്കുന്നു. ഇത്തരുണത്തിൽ മനസിലാക്കേണ്ട പ്രധാനപ്പെട്ട കാര്യങ്ങൾ ഇവിടെ വിവരിക്കട്ടെ.




- വ്യവസായ എസ്റ്റേറ്റിലെ സർക്കാർ അലോട്ടു ചെയ്തുതന്ന സ്ഥലത്തിന്റെ മുഴുവൻ വിലയും സംരംഭകൻ അടച്ചിട്ടുള്ളതാണ്.
- അടിസ്ഥാന സൗകര്യങ്ങൾ സർക്കാർ ചെയ്തു തന്നിട്ടുണ്ടെങ്കിൽ മൊത്തം ചെലവിന്റെ വിഹിതവും ഓരോ ചെറുകിട വ്യവസായിയും സർക്കാരിലേയ്ക്കടച്ചിട്ടുള്ളതാണ്.
- വൈദ്യുതിയുടെ അതിന്റെ അടിസ്ഥാന ചെലവുകൾ വൈദ്യുതിവകുപ്പിനു മൊത്തമായോ ഇൻസ്റ്റാൾമെന്റാ യോ അടച്ചിട്ടുള്ളതാണ്.
- ഫാക്ടറി കെട്ടിടം പണിതത് ഓരോ വ്യവസായിയുമാണ്.
- കെട്ടിടത്തിൽ സ്ഥാപിച്ചിട്ടുള്ള മെഷീനറിയും മറ്റും വ്യവസായിയുടെ പണം മുടക്കിലുള്ളതാണ്.
- സർക്കാർ വ്യവസായ വകുപ്പ് അതാതുകാലങ്ങളിലെ ബഡ്ജറ്റിൽ വക കൊള്ളിച്ചോ, കേന്ദ്രസഹായ ഫണ്ടിൽ നിന്നോ ആണ് വ്യവസായ വികസന സ്ഥലങ്ങൾ വാങ്ങിയിട്ടുള്ളത്. റവന്യൂ വകുപ്പ് വ്യവസായ വകുപ്പിന് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളതാണ് ഈ വികസനപ്ലോട്ടുകൾ.
- ഇപ്പോഴത്തെ ഉത്തരവുമൂലം വ്യവസായ വകുപ്പു തിരിച്ചെടുത്ത് ലാന്റ് ബാങ്കുലേക്കെടുക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. ഇത്തരത്തിലുള്ള ഒരു ലാന്റ് ബാങ്കെന്നുണ്ടോ, അതോ സാങ്കൽപ്പികമാണോ?
- സർക്കാർ തിരിച്ചെടുക്കുന്നതിന് വ്യവസായിക്ക് പ്രതിഫലം നിശ്ചയിക്കുന്നതിന് നടപടികളുണ്ടോ?
- ഒരു വ്യവസായ എസ്റ്റേറ്റിൽ സ്ഥലം തിരിച്ചെടുത്താൽ ലാന്റ് ബാങ്ക് ഈ സ്ഥലം ഉപയോഗിച്ച് എന്തു ചെയ്യുമെന്ന് പറയുന്നില്ല. കാടുപിടിച്ച് ചുരുങ്ങിയ കാലത്തിനുള്ളിൽ ശവപ്പറമ്പായി മാറുമെന്നു സാരം.
- ഈ ലാന്റ് ബാങ്ക് 25–50 ഏക്കറുകളെ ഉദ്ദേശിച്ചല്ലേ വിഭാവനം ചെയ്യേണ്ടത്.
- സെക്രട്ടേറിയേറ്റിലെ കുറേ ഉദ്യോഗസ്ഥന്മാരുടെ ഭാവന പാവം ചെറുകിട വ്യവസായികളോടു വേണമോ?
- കേട്ടപാടേ ജില്ലാ വ്യവസായ കേന്ദ്രം ഉണർന്നെഴുന്നേറ്റു കഴിഞ്ഞു. ഇനിയും കൈമാറ്റത്തിനുള്ള അപേക്ഷയേ സ്വീകരിക്കേണ്ട എന്നു തീരുമാനിച്ചുകഴിഞ്ഞു.

ശക്തിയായ പ്രതിഷേധസ്വരം ഉയർത്തണം. സഹപ്രവർത്തകരേ! മുഖ്യമന്ത്രി, വ്യവസായവകുപ്പ് മന്ത്രി, റവന്യു മന്ത്രിമാർ എന്നിവരെയും ജോസ്.കെ. മാണിയെയും നേരിൽകണ്ട് മെമ്മോറാണ്ടങ്ങൾ നൽകിയിട്ടുണ്ട്. പത്തു ദിവസങ്ങൾ കാത്തുനിന്നിട്ട് ശക്തമായ സമരപരിപാടികളിലേക്ക് നീങ്ങേണ്ടിയിരിക്കുന്നു. എല്ലാവരും ഒത്തൊരുമിച്ചുണരുക.

(KSSIA ജില്ലാ യൂണിറ്റ്)

# മൈക്രോ ചെറുകിട വ്യവസായികളുടെ ഒരു കോൺക്ലേവ് കൂടേണ്ടിയിരിക്കുന്നു

**സേവ്യർ തോമസ് കൊണ്ടോടി**

ചെറുകിട വ്യവസായികൾക്ക് പറഞ്ഞാൽ തീരാത്ത വിഷമസന്ധികൾ ഇപ്പോഴുണ്ടല്ലോ. നമ്മൾ ഒന്നിച്ച് ഒരു അജൻഡയുമില്ലാത്ത മീറ്റിംഗ് ആവശ്യമാണ്. ഈ കോൺക്ലേവിൽ ഉരുത്തിരിയുന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് ഒരു വൈറ്റ്പേപ്പർ കേരള മന്ത്രിസഭയ്ക്കു കൊടുക്കണം. ഫലപ്രദമായ നടപടികളുണ്ടാകുന്നില്ലെങ്കിൽ ഈ വരുന്ന സെപ്റ്റംബറിൽ കൊച്ചിയിൽവെച്ചു നടത്താനിരിക്കുന്ന "എമേർജിങ് കേരളാ"നിക്ഷേപക സമ്മേളനത്തിന് മുമ്പിൽ പ്രതിഷേധപ്രകടനവും സത്യാഗ്രഹവും നടത്തണം. ആവശ്യത്തിന് പ്രവർത്തനമൂലധനം നൽകാത്ത ബാങ്കുകൾ കൊളാറ്ററൽ സെക്യൂരിറ്റി ഇല്ലാതെ വായ്പ നൽകാതിരിക്കൽ, അമിതമായ പലിശനിരക്കുകളും, ബാങ്ക് ചാർജുകളും ഈടാക്കുന്ന നടപടികൾ, സർക്കാരിന്റെ വിവിധ വകുപ്പുകളുടെ അമിതമായ നിയന്ത്രണങ്ങൾ, കൈക്കൂലി ഇല്ലാതെ കാര്യങ്ങൾ നടക്കാത്ത അവസ്ഥ, വൈദ്യുതി ബോർഡുദ്യോഗസ്ഥന്മാരുടെ അപ്രമാദിത്വം, പുതു വ്യവസായ സംരംഭകരെ പീഡിപ്പിക്കുന്ന പഞ്ചായത്ത് ഭരണാധികാരികൾ, വ്യവസായശാലകൾ പരിസ്ഥിതി പ്രശ്നങ്ങൾ ഊതിവീർപ്പിച്ച് ഉൽപ്പാദനം തുടങ്ങാനനുവദിക്കാത്ത രാഷ്ട്രീയ പ്രവർത്തകർ എന്നു തുടങ്ങി നിരവധിയായ തടസങ്ങൾ ഇന്ന് കേരളത്തിലെ ചെറുകിട വ്യവസായികളെ തടസപ്പെടുത്തുന്നു. എസ്റ്റേറ്റുകളിൽ വർഷങ്ങൾക്കുശേഷവും പട്ടയം ലഭ്യമല്ലാത്ത അവസ്ഥ തുടരുന്നു.

മേൽവിവരിച്ച പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന നിരന്തരമായ അഭ്യർത്ഥനകൾ ഭരണാധികാരികളുടെ ചെവിയിലെത്തിയിട്ടില്ല. പ്രധാനമന്ത്രിയുടെ പ്രത്യേക ഉപദേഷ്ടാവായിരുന്ന മലയാളിയായ ബഹു. ടി.കെ.എ. നായർ കമ്മിറ്റി, RB ഡെപ്യൂട്ടി ഗവർണർ ശ്രീ ബി.ജെ. ചക്രവർത്തി കമ്മിറ്റി തുടങ്ങിയ ഈ വ്യവസായ മേഖലയുടെ വികസനത്തിനായി സമർപ്പിച്ച പഠന റിപ്പോർട്ടുകളിലെല്ലാം എല്ലാ സംസ്ഥാനങ്ങളും സൂക്ഷ്മ ചെറുകിട വ്യവസായ വകുപ്പു കൈകാര്യം ചെയ്യാൻ മാത്രമായി ഒരു മന്ത്രിയെ ചുമതലപ്പെടുത്തുവാനുള്ള നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. കേരളമൊഴിച്ച് ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും ഇങ്ങനെയൊരു വകുപ്പ് മന്ത്രിയുണ്ട്. ഈ ആവശ്യവും യു.ഡി.എഫ് സർക്കാരിനെ ശ്രദ്ധയിൽപ്പെടുത്തേണ്ടിയിരിക്കുന്നു..

ചെറുകിട വ്യവസായികൾ നിങ്ങളുടെ അഭിപ്രായം അസോസിയേഷൻ നമ്പറുകളിലേക്ക് ഫോൺ ചെയ്ത് അറിയിക്കുക.

# അസോസിയേഷൻ മെമ്പർഷിപ്പ് പുതുക്കണം

**2012-13 വർഷത്തെ അസോസിയേഷൻ മെമ്പർഷിപ്പ് അംഗങ്ങൾക്ക് ഇപ്പോൾ മുതൽ പുതുക്കാവുന്നതാണ്. നിലവിലുള്ള അംഗങ്ങൾക്ക് 500 രൂപയും, പുതിയ അംഗത്തിന് 600 രൂപയുമാണ് ഫീസ്. മാർച്ച് 31നകം അംഗത്വം പുതുക്കുന്നവർക്കേ അസോസിയേഷൻ വോട്ടേഴ്സ് ലിസ്റ്റിൽ ഉണ്ടാകുകയുള്ളൂ.**

## അംഗത്വ ഫീസിന്റെ വിശദവിവരങ്ങൾ

| | | |
|---|---|---|
| കോട്ടയം യൂണിറ്റ് ഷെയർ | - | 240 രൂപ |
| സംസ്ഥാന വിഹിതം | - | 160 രൂപ |
| വ്യവസായനാദം | - | 100 രൂപ |
| **ആകെ** | - | **500 രൂപ** |

**പുതിയ അംഗങ്ങൾ – 100 രൂപ അഡ്മിഷൻ ഫീസായും നൽകണം.**

**കൂടുതൽ വിവരങ്ങൾക്ക് അസോസിയേഷൻ ഓഫീസുമായി ബന്ധപ്പെടുക.**

**ഫോൺ: 0481- 2567570**

# 14-12-2011 ചേർന്ന ജില്ലാ ഉപദേശകസമിതിയോഗത്തിന്റെ നടപടിക്കുറിപ്പ്

14-12-2011 ഉച്ചകഴിഞ്ഞ് 3 മണിക്ക് കോട്ടയം ഡെപ്യൂട്ടി കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ കൂടിയ ജില്ലാ ഉപദേശകസമിതിയോഗത്തിൽ വ്യാപാര വ്യവസായ പ്രതിനിധികളും, വാണിജ്യ നികുതി വകുപ്പ് ഉദ്യോഗസ്ഥരും പങ്കെടുത്തു.

യോഗത്തിൽ പങ്കെടുക്കുവാൻ എത്തിയ എല്ലാവരേയും അദ്ധ്യക്ഷൻ സ്വാഗതം ചെയ്തു. കഴിഞ്ഞ യോഗത്തിൽ അവതരിപ്പിച്ച മിക്ക പരാതികളും അതിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിച്ചിട്ടുള്ളതായി ഡെപ്യൂട്ടി കമ്മീഷണർ വ്യാപാരവ്യവസായ പ്രതിനിധികളെ അറിയിച്ചു.

ഉപദേശക സമിതിയോഗത്തിന്റെ നടപടിക്കുറിപ്പ് തപാലിൽ അയച്ചുതരണമെന്ന് എല്ലാ പ്രതിനിധികളും ആവശ്യപ്പെട്ടു. ഡെപ്യൂട്ടി കമ്മീഷണർ ഈ മാസം മുതൽ നടപടിക്കുറിപ്പ് തപാലിൽ അയച്ചുതരാമെന്ന് അറിയിച്ചു.

ക്രിസ്മസ് സീസൺ ആയതിനാൽ ഈ മാസത്തെ നികുതി പിരിവ് ലക്ഷ്യം കൈവരിക്കുവാൻ എല്ലാവിധ സഹായസഹകരണങ്ങളും ഉണ്ടാവണമെന്ന് അദ്ധ്യക്ഷൻ എല്ലാ വ്യാപാരികളോടും ആവശ്യപ്പെട്ടു.

പുതുതായി ഇറങ്ങിയ Natural Rubber-നെ സംബന്ധിച്ച് SRO-യ്ക്ക് ക്ലാരിഫിക്കേഷൻ വേണമെന്ന് റബ്ബർ ഡീലേഴ്സ് അസ്സോസിയേഷൻ ആവശ്യപ്പെട്ടു. ഡെപ്യൂട്ടി കമ്മീഷണർ ഇക്കാര്യങ്ങൾ മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്താം എന്നറിയിച്ചു.

ഡെലിവറി നോട്ട് ഉണ്ടായിട്ടും പർച്ചേസ് ബിൽ ഇല്ല എന്ന കാരണത്താൽ ഇന്റലിജൻസ് സ്ക്വാഡ് റബ്ബർ വണ്ടികൾ പിടിക്കുന്നുവെന്ന് പ്രതിനിധികൾ അറിയിച്ചു. ഇത് ഡീലേഴസിന് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഡെലിവറി നോട്ട് ഉണ്ടെങ്കിൽ പർച്ചേസ് ബില്ലിന്റെ ആവശ്യമില്ലെന്നും ഇനി ഇങ്ങനെ സംഭവിക്കാതിരിക്കാൻ ശ്രദ്ധിച്ചുകൊള്ളാമെന്നും IAC (I) അറിയിച്ചു.

ഇപ്പോൾ 8F Print എടുക്കുമ്പോൾ time & Date സഹിതം ആണ് പ്രിന്റ് ലഭിക്കുന്നത്. അതിനുശേഷം വളരെ സമയം കഴിഞ്ഞാണ് ലോഡ് പോകുന്നത്. ഇതുമൂലം എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടാവുമോ എന്ന് പ്രതിനിധികൾ ചോദിച്ചു. ഇതുവരെ അങ്ങനെ പ്രശ്നങ്ങളൊന്നും ഉണ്ടായിട്ടില്ല എന്ന് ഡെപ്യൂട്ടി കമ്മീഷണർ അറിയിച്ചു. ■

## 2012 Central Budget may be got delayed

The forthcoming state assembly election scheduled for February & March months may influence the timing of the central budget. Its presentation on Feb 26th as usual may not happen this year. Accordingly the business plannings are also to be rescheduled.

## FOOD INFLATION CATCHES COLD TO WARM UP ECONOMY

Food inflation in India falls below zero for the first time in six years, down to 3.36% from year ago on increased supplies of fruits and vegetables.



## വാറ്റ് ന്യൂസ്




**Circular No. 29/2011**
**Thiruvananthapuram Dtd. 07/12/2011**
**Sub: Guidelines for verification of accounts and Assessment data entry in KVATIS - Reg.**

ഉത്തരവിന്റെ പൂർണ്ണ വിവരങ്ങൾക്ക് അസോസിയേഷൻ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0481-2567570

# KSSIA KOTTAYAM UNIT
## 2012 CHINA INDUSTRIAL STUDY TOUR
## APPLICATION FORM

**Name of the Participant** : ______________________________

**Name of the Unit** : ______________________________

**Address of the Unit** : ______________________________

______________________________

______________________________

______________________________

**Nature of Business** : ______________________________

**Contact Number** : **Mobile** ______________________________

: **Landline** ______________________________

**Do you have a valid passport** : **YES** ☐ **NO** ☐

**If YES , Date of Expiry** : ______________________________

**Signature of the Applicant** : ______________________________

**Date** : ______________________________

***KSSIA Kottayam unit is Participating in this exhibition, Already 25 people have registered their names. Only linited seats more available. Last date of registration 06-02-2012.***

# PRE BUDGET MEMORANDUM TO HON'BLE FINANCE MINISTER OF KERALA SRI.K.M. MANI – 2011-12

**Subject : KERALA VALUE ADDED TAX ACT 2003**

Rates of Tax on certain products relevant to rubber sector in Kerala – Reduction without any sort of Revenue loss to the exchequer

Requests for amending rates and certain provisions to save Small Scale Industries in the State of Kerala

**1. RNR rate of 12.5% on Rubber Mats under KVAT Act -03**

Rubber Mat is the major item of manufcture in our state using raw rubber. The current rate is 12.5% under revenue neutral as applies at all points of sale. Despite the input credit of 8.5%,available this high rate of 12.5% is a major cause for accumulation of working capital under tax aspect. This high rate also promote evasion of tax because of higher advantage for evaders.

A similar product Rubberised coir mat is classified under the 1st schedule entry 23(9) and exempted from tax.

Considering the downfall trend in the prices of Natural Rubber its industrial application has to be promoted and one opportunity is to bring Rubber Mat under schedule 1 and exempt it from Vat tax. Since there is major export market for Rubber Mat, there will not be much of revenue loss to the Government by exempting it from vat tax or to list in the third schedule attracting 4% rate.

**2. Tyre Flap RNR – 12.5%**

Tyre flap is now a main item of manufacture by SSI units in Kerala. Major manufacturers like Appollo, MRF are OEN suppliers and for them revenue neutral rates are advantageous but for SSI units it is a huge burden.

In Kerala also Tractor tyre flap attracts only 4%. Any RNR attracted products cause tax evasion in the trade.
The Government is requested to bring tyre flap into 3rd schedule which attracts only 4% VAT.

**3. Tax exemption to organic bio fertilizers and other products.**

Your Government has already granted exemption to few organic products in the last budget by bringing them to schedule 1. There are several such organic fungicides which are essentially used by rubber growers and ofcourse by other small growers of different plants against phytophthora diseases.

Ready to use Bordeaux paint and Bordeaux Mixture are two such organic fungicide widely used by Rubber growers in Kerala as Bordeaux paint on stems and also as prophylactic spray.

We request you to schedule these items also to schedule 1 exempting from VAT tax so that the small agri. Growers in Kerala will greatly be relieved from high agri input cost.

**4. Plywood, RNR – 12.5%**

Plywood is a major industrial product in Kerala manufactured out of rubber trees are now charged 12.5% vat under RNR rate. This high rate prevent number of manufacturers in this sector in Kerala from expanding their production and market. They cannot compete outside state manufacturers who are selling at CST 2%.

Veneer a similar product is now in Schedule 3 . Plywood as well as veneer are industrial raw materials, therefore eligible to be scheduled in 3 as per the Vat Act. We are of the opinion that this measure will definitely increase the tax revenue from this industry as at the moment large scale evasion is there because of the high rate. Corruption is also prevalent in the tax collection area of plywood industry.

Both these items are used as raw material in construction industry, furniture industry etc., Vat

really provide protection to industrial raw materials putting 4% as vat rate. It is also alleged that there is large scale evasion going on in plywood industry and the major reason is this high rate of 12.5% CST is only 2% and this also causes for interstate purchase.

Our request is to bring plywood into 4% taxable category (schedule 3) and the Government may have to study the revenue impact for one year at least.

**5. Primer Paints - RNR 12.5%**

This product is largely consumed by lower income people and this paint is never considered as a luxury item like emulsion paints. Primer paint is only used to have an anticorroding effect on metal and for wood it is a cost saving paint for common people.

Primar paints are manufactured by Micro & Small Scale Units and all its raw materials like resin, clay, whitening talc and its packing material etc., are 4% rated products only.

Primer paints are in the schedule of industrial raw material with a tax rate of 4% in all neighbouring states of kerala. This prompt units to shift its manufacturing base to Tamil Nadu. It causes revenue loss to Kerala's exchequer.

We therefore request to you having Primer paints manufactured in Kerala to the 3rd schedule which attract only 4% VAT.

**MODIFICATIONS ON VAT TAX LAWS.**

1. Refund of input tax under section 13 of Vat Act, essential requirement of producing form No.21 J under rule 46 and 47.

We request the hon'ble finance minister to waive the condition of providing 21j form to claim export refund of purchase input taxes for manufacturing export products. The exporter or deemed exporter could provide number of other documents to prove the validity of the export turnover like Form H and Payment Certificate.

The other documents which the exporter / deemed exporter could provide are copy of Bill of lading, form H and payment certificate.

Form 21J has to be given to the assessee by the supplier of the respective raw material or semi finished product to make the final product for export. Form 21J has to be produced from large number of material suppliers to the exporter, throughout India. It's timely procurement is an unassailable task and therefore the exporter many times fail to obtain the form from his hundreds of suppliers.

To overcome this problem, we request you to remove the condition of filing 21J for claiming refund.

**2. Section 25/1 of Kerala Vat Act, 2003**

**Best of Judgement Assessment**

Assessing Authorities of Commercial Taxes Dept. throughout Kerala now a days used to assess under Section 25/1 of the Kerala VAT Tax Act 2003 on escaped assessment of tax. Even though as a method of best judgment the statute authorizes the assessing authorities to proceed to determine to the best of judgment of the turnover escaped, but

by overusing the statutory provision they are estimating and adding tax turnover against probable and imaginary suppressions. This method of best of judgment assessments are creating arbitrary demands upon the dealer community and enormous recoveries, appeals, stays, etc are being, resulted. This cause much difficulties to the dealers, unnecessary harassments are being faced with and lot of litigations are followed. The Revenue recovery actions immediately after the above assessment order causing major problems for the SSI sector to run the unit.

Therefore our simple prayer is that the position of law may be cleared and strict direction to complete actual turnover escaped may be found. We request if necessary amendments or clarifications in the Act, may be proceeded as expeditiously as possible.

**3. Section 55 – APPEALS, REVISIONS AND SETTLEMENT OF CASES**

Request for refund of appeal fees in case of appellate orders in favour of the assessee: It is to be noted that in most of the cases the demands by way of evaded tax, penalties, overdue interests etc.,

are being rejected by the appellate authorities on account of shortage of sufficient charges or evidences. In cases of favourable orders to the assesseee the taxes department has to refund the appeal fees collected from the assesses. Government is collecting the appeal fees in several stages also from the assesses. This procedure is causing heavy financial damage to the assesses hence it is requested to limit the appeal fees only at the first stage and the department has to refund the paid fees if the assessment order is cancelled by the appellate authority or subsequently by legal courts.

**4. Section11, subsection (6) 47 A & 48 issuing a refund adjustment order in Form No.21 A.**

Refund of input tax remaining unadjusted at the end of the financial year. The above refund provisions are actually causing for unwarranted procedural compliances for the tax department as well as for the assesses.

This proviso may kindly be modified so that the assessee gets the privilege to carry forward the excess input credit (ie., unadjustable input tax) to the succeeding financial year if the assessee is not closing down his business for ever. Currently the vat tax department is taking months to issue the refund order by which the small industries and traders are facing cash flow problems in their working capital management.

■

## GENERAL ISSUES

1. Industrialization in Kerala, more thrust to Micro & Small Scale Units by establishment of Micro Industrial Estate in 1000 Panchayats. The most potential sector suitable for spreading industrialization in Kerala is establishing Micro and Small Scale industries. The huge fund you have allocated for creating micro units in all the Panchayaths in our state will get a boost if the government propose to develop land in all the 1000 panchayats in Kerala to establish 10 Units each in every such developed plot. Panchayath can use its fund allocated for development purposes and all the plots can be distributed to the selected entrepreneur either on higher purchase or at outright sale or on 99year lease so that immediate revenue could be generated to the Panchayath also.

2. We have a suggestion to entrust Kerala Financial Corporation to fund these new units to be established within one and half years in the Micro estates as above. The KFC should be able to even give working capital facility also.

3. Development of infrastructure facilities to the existing industrial plots and estates meant for Micro and Small Scale Industries. The facilities include good road accessibility, good internal roads, rest, canteen and health care facilities to the staff and workers of the industries located there.

4. Purchase preference to products manufactured by Small Scale Industries in the State while framing stores purchase policy of the Government departments and State Public Sector undertakings. This new policy require an amendment to the existing government order No. G.O P 385/ 2008/Fin dt.27.08.2008 made by the previous government. By issuing a new order which may require a policy announcement in the budget should provide quota preferences to small scale industries inside the state with regard to the purchases of stores and materials by government departments and other public sector undertakings in our state. This should include tender forms at free of cost, exemption from earnest money deposit and security deposit while settling purchase orders to MICRO and SSI units. There is an Act enacted by government of India by name called MSME development Act 2006. State Government has to critically form rules to provide price preference under section 11 of the above Act.

**Compiled by Shri.Xavier Thomas Kondody, Dr.T.C Joseph and James Immanuel.**

**Submitted by District President Dr. T.C Joseph, Kerala State Small Industries Association, Kottayam**

വ്യവസായ വികസന പ്ലോട്ടുകളിലെ സ്ഥലം കൈമാറ്റം
സംബന്ധിച്ച പുതിയ ഉത്തരവിനെതിരെ അസോസിയേഷൻ
മുഖ്യമന്ത്രിക്കും മറ്റു മന്ത്രിമാർക്കും
നൽകിയ നിവേദനം

**To**

**Sri.Oommen Chandy,**
**Hon'ble Chief Minister,**
**Thiruvanathapuram**

**Dear Sir,**

**Reference: Letter as enclosed issued by Addl.Chief Secretary (Industries F dept) to Director of Industries,dt.1.10.2011.**

**Sub: Direction to evict industrial occupants who are unable to continue with their manufacturing activities,from their industrial plots situated in Industrial Estates, parks & Development Plots and taken possession that land to INCAL's land Bank;**

**Request for withdrawing the above direction and issue fresh modalities after interaction with us, reg:-**

Thru this order the Govt.is blocking certain essential privileges hitherto enjoyed by small scale industrialists who had occupied plots in industrial estates, parks and industrial development plots in our State.

1. Availing permission from the Department of Industries for pledging the industrial land to Banks or KFC to avail loans. If an entrepreneur wish to do the same.

2. If the entrepreneur is forced to transfer the allotted land in which case the payment has been fully made, the conditions now prescribed are : the product should not be changed by the new entrepreneur, the existing unit holder has to avail permission from the Industries department to make the transfer, etc.

The small scale industrialist should have the unbridled freedom to exit from his activity at lest on the following situations. (Your Govt's industrial policy 2011 also highlight this privilege of peaceful exit )

(a) When the entrepreneur attains old age or because of financial problems when he cannot run the unit, he has to transfer his land which has attained much of value addition for a peaceful retirement.

(b) When his product either loss its market or profitability from sales.

(d) The unit itself sinks in continuous loss for years and his debts exceeds much of his assets, and of course his only valuable asset at that occasion is his land & shed which might have appreciated to some level he has to transfer /sale the land and has to settle his accounts.

If the government doesn't give permission to transfer the land and building for a price and enforce eviction to attach to the land bank, entrepreneur has no other option but to think of suicide.

In this regard the following points are to be considered by the government.

(a) Entrepreneurs were being allotted industrial lands under 99 years lease or on outright purchase terms from the industries department or SIDCO.

(b) There has been clear cut allocation letter or pattayas or sale deed to the occupant in major cases.

(c) No financial institution will lend Money to unit holder either as term loan or as working -capital unless they have the collateral security of the land & building where the machineries are erected or the materials are stocked.

Therefore when some land is given to the entrepreneur for starting a small scale unit, the permission to pledge the land should be an implied condition of the allotment.

II. Permission is to be obtained from the Govt.for transferring the land to another entrepreneur for starting another industry should be an implied condition of outright sale, long term lease or unconditional pataya.

In all the above situations if there is a restriction from the Govt.to sell off the immovable assets then the industrialist can not exit himself peacefully. The commercial value of his such assets would be depreciated down at any point of time if such a control by the department is enforced.

New entrepreneurs will not be keen to venture into new industries in Govt. sponsored industrial estates in our state. Private property cannot be used for starting industries in Kerala because of the high awareness or misconception on pollution issues. Govt's take over condition as stipulated in the above letter.

It is the most arbitrary decision any Govt could take in the above type of situations. No clear cut policies or terms of take over are presently available.

Outright sale agreement, Hire purchase agreement,Pattayas,99 years lease etc are terms, the industries Department has signed while allotting industrial plots, hence this order would be challenged in court of Laws.

This order itself is a negative policy stand of the govt. in the scope of large scale industrialization in our State.

The manufacturing sector contributes large opportunities to generate self employment, increase in C.D.ratio, in the credit flow, more employment opportunities to semi skilled and unorganized youngsters, all at limited capital cost. This secondary sector of the economy is supporting agriculture heavily and thus the most contributory factor for the inclusive growth without any cost to the Govt.exchequer.

Under this circumstances we request to you stay the above order till a fresh clear cut order is issued after the modalities are being discussed with the stake holders.

Yours faithfully.
For KSSIA,Kottayam District Unit, President

# Re-Gain moderately

**During the Second week of the January**

The Rupee closed stronger ending the week with a 0.9% gain as foreign investers bought local debt. However according to a few expert analysis report that the local unit will remain under pressure in the near term. The partially convertiable Rupee ended at 52.7150 to the dollar during the last week end. However the dollar is now ina consolidation mode, but it may gain further in the near future. rupe likely to face resistance at 53.92 level.

## EURO CRISIS CAN SNOWBALL INTO A BIGGER CRISIS THAN '08

The time to solve the credit Crnch is long past. Measure and yard sticks that were used before cannot be used to correct the crisis. So, unles you can anticipate a situation correctly, it is better not to invest rather than loss money.

*George Soros, Legandary Investers, Billanaire*

## വാറ്റ് ഗ്രീവൻസ് സെൽ എല്ലാ മാസവും

കൊമേർഷ്യൽ ടാക്സ് ഡപ്യൂട്ടി കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ കൂടുന്ന വാറ്റ് ഗ്രീവൻസ് സെൽ എല്ലാമാസവും രണ്ടാമത്തെ ബുധനാഴ്ച കൂടുന്നു. വാറ്റ് ടാക്സ് സംബന്ധിച്ച പരാതികളും നിർദ്ദേശങ്ങളും പ്രസ്തുത മീറ്റിംങ്ങിനു മുമ്പായി അസോസിയേഷൻ ഓഫീസിൽ ഏൽപ്പിക്കുവാൻ താൽപര്യപ്പെടുന്നു.

## ഇലക്ട്രിസിറ്റി ഗ്രീവൻസ് സെൽ

കെ.എസ്.ഇ.ബി. ഡപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിൽ കൂടുന്ന ഇലക്ട്രിസിറ്റി ഗ്രീവൻ സെൽ ഈ മാസം കൂടുന്നു. പ്രസ്തുത യോഗത്തിൽ ചർച്ച ചെയ്യേണ്ട ഇലക്ട്രിസിറ്റി സംബന്ധമായ പരാതികളും നിർദ്ദേശങ്ങളും എത്രയും വേഗം അസോസിയേഷൻ ഓഫീസിൽ ഏൽപ്പിക്കുവാൻ താൽപര്യപ്പെടുന്നു.

## ജില്ലാതല ബാങ്കിംഗ് അവലോകന യോഗം

മൂന്നു മാസത്തിൽ ഒരിക്കൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടുന്ന ജില്ലാതല ബാങ്കിംഗ് അവലോകന യോഗത്തിൽ ബാങ്കിംഗ് സംബന്ധമായ പരാതികളും നിർദ്ദേശങ്ങളും ചർച്ചചെയ്യുന്നു. നിങ്ങളുടെ പരാതികളും നിർദ്ദേശങ്ങളും എത്രയും വേഗം അസോസിയേഷൻ ഓഫീസിൽ ഏൽപ്പിക്കുവാൻ താൽപര്യപ്പെടുന്നു.

## ജില്ലാതല വ്യവസായ വികസന യോഗം

ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ അദ്ധ്യക്ഷതയിൽ കൂടുന്ന പ്രസ്തുത യോഗത്തിൽ ചർച്ച ചെയ്യേണ്ട നിങ്ങളുടെ പരാതികളും നിർദ്ദേശങ്ങളും എത്രയുംവേഗം അസോസിയേഷൻ ഓഫീസിൽ ഏൽപ്പിക്കുവാൻ താൽപര്യപ്പെടുന്നു.